Talented Bankers Literary Panel
പുസ്തകപരിചയം 270

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്,
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ, എറണാകുളം.

വിജനവീഥി
അശ്വതി തിരുനാൾ

മനസ്സ് കടിഞ്ഞാണില്ലാത്ത കുതിരയാണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. അതിശയോക്തി നിറഞ്ഞ വെറുമൊരു പ്രസ്താവനയല്ല അത്. യാഥാർത്ഥ്യം തന്നെയാണ്. മനസ്സിന്റെ പ്രയാണത്തിന് അതിരുകളില്ല. ഒരു പ്രഹേളിക പോലെ അത് നിരന്തരം അങ്ങനെ തെന്നി മാറിക്കൊണ്ടേയിരിക്കും. മനസ്സിന്റെ ആഴങ്ങളിലേക്ക് ഊളിയിട്ട് ഇറങ്ങാൻ അതിലുമേറെ പ്രയാസം. ലോകം കണ്ട ഒരു മികച്ച മനഃശാസ്ത്രജ്ഞനു പോലും മനുഷ്യ മനസ്സിനെ ഇതുവരെ പൂർണ്ണമായും മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. സ്വാമി അശ്വതി തിരുനാൾ എഴുതിയ 'വിജനവീഥി' എന്ന പുസ്തകം മനസ്സിന്റെ ആഴങ്ങളിലേയ്ക്ക്, അഥവാ കാണാകയങ്ങളിലേയ്ക്ക് വായനക്കാരനെ കൂട്ടിക്കൊണ്ടുപോകുന്ന ഒരു സൃഷ്ടിയാണ്. 1987 ഫെബ്രുവരിയിലാണ് കൊല്ലത്തെ നാഗകൃഷ്ണ പബ്ലിക്കേഷൻസ് എന്ന പ്രസിദ്ധീകരണ സ്ഥാപനം വിജനവീഥി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. അതിനു മുൻപ് 1985 മാർച്ച് മുതൽ ഏകദേശം ഒരു വർഷക്കാലം ഇത് കുങ്കുമം മാസികയിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചു വന്നിരുന്നു.

493 പേജുകൾ ഉണ്ടെങ്കിലും തുടക്കം മുതൽ ഒടുക്കം വരെ വായനക്കാരനെ ആകാംക്ഷയുടെ മുൾമുനയിൽ നിലനിർത്തുവാൻ കഴിയുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ സവിശേഷത. മനശാസ്ത്ര ഗവേഷണ വിദ്യാർത്ഥിയായ ഗൗരിയ്ക്ക് കവടിയാർ റോഡിൽ വെച്ച് ഒരു വെള്ളിയാഴ്ച്ച രാത്രിയിൽ ഉണ്ടാവുന്ന അസാധാരണവും അവിശ്വസനീയവുമായ അനുഭവത്തിൽ നിന്നുമാണ് കഥ ആരംഭിക്കുന്നത്. ഗൗരിയ്ക്ക് പിന്നീട് സംഭവിക്കുന്ന മാനസിക പ്രശ്നങ്ങളും സംഘർഷങ്ങളും, അതിന്റെ ചികിത്സാരീതികളുമാണ് തുടർന്ന് വരുന്ന അധ്യായങ്ങളിൽ. മോഹൻ എന്ന സർക്കിൾ ഇൻസ്പെക്ടർ നടത്തുന്ന കേസന്വേഷണം ഈ കഥയെ മറ്റൊരു തലത്തിൽ എത്തിക്കുന്നു. അതേസമയം ഇതിലെ കേന്ദ്രകഥാബിന്ദു നൂറ്റാണ്ടുകൾക്ക് പിറകിലേയ്ക്ക് വായനക്കാരനെ കൂട്ടി കൊണ്ടുപോകുന്നു. മാർത്താണ്ഡവർമ്മയും എട്ടുവീട്ടിൽ പിള്ളമാരും അവരിൽ പ്രമുഖനായ കുടമൺപിള്ളയും, പിള്ളയുടെ അനന്തരവളായ സുഭദ്രയും കഥയിലേയ്ക്ക് കടന്നുവരുന്നു.

കേട്ടുമറന്ന ചരിത്രകഥകൾക്ക് വിപരീതമായി ചരിത്രത്തിലെ മറ്റൊരു കാണാകഥയാണ് പിന്നീട് എഴുത്തുകാരൻ നമ്മുക്ക് മുന്നിൽ തുറന്നുവെക്കുന്നത്.

മനശാസ്ത്ര സിദ്ധാന്തങ്ങളിൽ പ്രാമുഖ്യം നേടിയ പാരാസൈക്കോളജിയാണ് നോവലിന്റെ കേന്ദ്രബിന്ദു. അസ്വാഭാവികവും അസാധാരണവുമായ മനസ്സിന്റെ പ്രതിഭാസങ്ങളെ കുറിച്ച് പഠിക്കുന്ന ശാസ്ത്ര പഠനമേഖലയാണ് പാരാസൈക്കോളജി. പാരാസൈക്കോളജിയിൽ ഒരു തിയറിയുണ്ട്. അസാധാരണമായ ചില സാഹചര്യങ്ങളിൽ തീവ്രമായ വികാരവിക്ഷോഭങ്ങളിൽ അകപ്പെടുമ്പോൾ ചിലരുടെ മനസ്സ് ഒരു പ്രത്യേക പ്രതിഭാസത്തിന് വിധേയമാകും. മനശാസ്ത്രം അതിനെ 'സൈക്കിക്ക് സ്ലിപ്' എന്ന് വിളിക്കുന്നു. സൈക്കിക് സ്ലിപ് സംഭവിക്കുന്ന സമയത്ത് ഒരു വ്യക്തിക്ക് ഉണ്ടാകുന്ന അനുഭവങ്ങൾ അയാളെ സംബന്ധിച്ചിടത്തോളം സത്യമാണ്. എന്നാൽ അത് അയാളുടെ മാത്രം അനുഭവമാണ്. അതിനെ അയാളുടെ വിഭ്രാന്തി അല്ലെങ്കിൽ ഹാലൂസിനേഷൻ ആയി മാത്രമേ മറ്റുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കൂ. ഗൗരിയുടെ സുഭദ്രയിലേക്കുള്ള സൈക്കിക് സ്ലിപ് ആണ് വിജനവീഥിയിലെ കഥാതന്തു. അതു സംഭവിക്കുമ്പോൾ ഗൗരി ഭൂതകാലത്തിലേക്ക് പോകുന്നു. സുഭദ്ര എന്ന ചരിത്രകഥാപാത്രം ഗൗരിയിലൂടെ സജീവമാകുന്നു. എന്നാൽ എന്തുകൊണ്ട് ഗൗരി സുഭദ്രയായി മാറുന്നു എന്ന ചോദ്യത്തിന് നോവൽ പക്ഷെ ഉത്തരം നൽകുന്നില്ല. മനശാസ്ത്രപരമായ വ്യാഖ്യാനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ, വിശദീകരണങ്ങൾക്ക് അതീതമായ പ്രകൃതി പ്രതിഭാസങ്ങളിലാണ് നോവൽ വിശദീകരണം തേടുന്നത്. അതുകൊണ്ടുതന്നെ വിജനവീഥി സൈക്കോളജിക്കൽ ത്രില്ലർ പരിവേഷമണിഞ്ഞ ഒരു സൂപ്പർനാച്ചുറൽ നോവലാണ് എന്ന് നിസ്സംശയം പറയാം. 👍

വില: Rs. 650/-
പ്രസാധകർ: ഏകലവ്യ